പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 11.06.2012 ൽ മറുപടിയ്ക്ക്

വർഗീയ സ്വഭാവമുള്ള ആക്രമണങ്ങൾ

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വർഗീയ സ്വഭാവമുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർഗീയാസ്വാസ്ഥ്യം സൃഷ്ടിക്കുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കുകയുണ്ടായി;

(എ) വർഗീയ സ്വഭാവമുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; സംസ്ഥാനത്ത് കാസർഗോഡ്, കോഴിക്കോട് (കോഴിക്കോട് റൂറൽ പ്രദേശം) ജില്ലകളിൽ ഇത്തരം ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഗീയാസ്വാസ്ഥ്യം സൃഷ്ടിക്കുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 (A) വകുപ്പും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. വർഗീയ കലാപങ്ങൾ ഉണ്ടാകുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ സ്ക്വാഡുകൾ പ്രവർത്തിയ്ക്കുന്നുണ്ട്.

(ബി) ഇക്കാര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പോലീസ് റിപ്പോർട്ട് ലഭിക്കുകയുണ്ടായോ;

(ബി) സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിൽ നിന്നും സമയാസമയങ്ങളിൽ ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

(സി) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; വർഗീയ സ്വഭാവത്തിലുള്ള ആക്രമണങ്ങൾക്ക് ഇനിയും സാധ്യതയുള്ള പ്രദേശങ്ങളെ പോലീസ് നിരീക്ഷിക്കുന്നുണ്ടോ;

(സി) വർഗീയ സ്വഭാവമുള്ള അസ്വാസ്ഥ്യങ്ങൾക്കും അക്രമങ്ങൾക്കും സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിച്ച് ക്രമസമാധാനപാലനത്തിൽ സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വർഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രത്യേകം ശ്രദ്ധ നൽകി പോലീസ് രഹസ്യാന്വേഷണ വിഭാഗം നിരീക്ഷണം

നടത്തുന്നുണ്ട്. വർഗീയ സ്വഭാവമുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നസാധ്യതയുള്ള മേഖലകളിൽ സാമുദായിക സൗഹാർദ്ദ കമ്മറ്റികൾ രൂപീകരിക്കാനും സാമുദായിക സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരൊക്കെ ഉൾപ്പെടുന്ന സമാധാനക്കമ്മറ്റികൾ കൃത്യമായി വിളിച്ചുചേർക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമുദായിക കലാപങ്ങൾ ഉൾപ്പെടെയുള്ള ഏത് അടിയന്തിര സ്ഥിതിയും നേരിടുന്നതിന് അവസരോചിതവും ഫലപ്രദവും സമയബന്ധിതവുമായ ഇടപെടൽ സാദ്ധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പുവരുത്താൻ കാസർഗോഡ് ജില്ലയ്ക്ക് ഒരു സ്പെഷ്യൽ പോലീസ് പാക്കേജ് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനും മൊബൈൽ പോലീസ് സംവിധാനം രൂപീകരിക്കുന്നതിന് വാഹനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഈ സ്പെഷ്യൽ പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നാദാപുരത്തെ നരിക്കാട്ടേരിയിൽ അഞ്ചുപേർ ബോംബ് നിർമ്മാണത്തിനിടയിൽ മരിച്ച സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണ് ?

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 116/2011 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പിന്നീട് വിശദമായ അന്വേഷണത്തിനായി കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ക്രൈംബ്രാഞ്ച് വിഭാഗം പ്രസ്തുത കേസിന്മേൽ നടത്തിയ അന്വേഷണത്തിൽ ആകെയുള്ള 33 പ്രതികളിൽ 15 പേരെ അറസ്റ്റ് ചെയ്യുകയും വസ്തുതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സംസ്ഥാനത്ത് വർഗീയ കലാപങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കാസർഗോഡ്, കോഴിക്കോട് റൂറൽ തുടങ്ങിയ ജില്ലകളിൽ ഇത്തരം ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഗീയാസ്വാസ്ഥ്യം സൃഷ്ടിക്കുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 153 (A), മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. വർഗീയ കലാപങ്ങൾ ഉണ്ടാകുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ സ്ക്വാഡുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. വർഗീയ സ്വഭാവമുള്ള ആക്രമണങ്ങൾക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിച്ച് ക്രമസമാധാന പാലനത്തിൽ സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വർഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രത്യേകം ശ്രദ്ധ നൽകി പോലീസ് രഹസ്യാന്വേഷണ വിഭാഗം നിരീക്ഷിച്ചുവരുന്നുണ്ട്. വർഗീയ സ്വഭാവമുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നസാധ്യതയുള്ള മേഖലകളിൽ സാമുദായിക സൗഹാർദ്ദ കമ്മറ്റികൾ രൂപീകരിക്കാനും സാമുദായിക സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരൊക്കെ ഉൾപ്പെടുന്ന സമാധാനക്കമ്മറ്റികൾ കൃത്യമായി വിളിച്ചുചേർക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമുദായിക കലാപങ്ങൾ ഉൾപ്പെടെയുള്ള ഏത് അടിയന്തിര സ്ഥിതിയും നേരിടുന്നതിന് അവസരോചിതവും ഫലപ്രദവും സമയബന്ധിതവുമായ ഇടപെടൽ സാദ്ധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പുവരുത്താൻ കാസർഗോഡ് ജില്ലയ്ക്ക് ഒരു സ്പെഷ്യൽ പോലീസ് പാക്കേജ് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനും മൊബൈൽ പോലീസ് സംവിധാനം രൂപീകരിക്കുന്നതിന് വാഹനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഈ സ്പെഷ്യൽ പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

26.03.2011-ന് നാദാപുരത്തെ നരിക്കാട്ടേരിയിൽ ബോംബ് നിർമ്മാണത്തിനിടയിൽ 5 പേർ മരിക്കാനിടയായ സംഭവത്തിന്മേൽ നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം. നം 116/11 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തുടർന്ന് വിശദമായ അന്വേഷണത്തിനായി കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്തു.

ക്രൈം നം. 48/CR/HHW-III/2011 ആയി പുന: രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിക്കുകയും മരിച്ച 5 പേർ ഉൾപ്പെടെയുള്ള 33 പ്രതികളിൽ 15 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പേർ മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്. 8 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. പ്രസ്തുത കേസിന്റെ Factual Report സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

***************